ഉത്തരം

(എ) സംസ്ഥാന ജീവനക്കാർക്ക് മൂന്നു ഗഡു ക്ഷാമബത്തയാണ് കുടിശ്ശികയായിട്ടുള്ളത്.

(ബി) 1.7.99 മുതലുള്ള 5%, 1.1.2000 മുതലുള്ള 1%, 1.7.2000 മുതലുള്ള 3% എന്നിവയാണ് കുടിശ്ശികയായ ക്ഷാമബത്ത ഗഡുക്കൾ.

(സി) മോശമായ സാമ്പത്തികസ്ഥിതി മൂലമാണ് ക്ഷാമബത്ത യാഥാ കാലം അനുവദിക്കാത്തത്.

(ഡി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുന്നതാണ്.

ഡി.എ. കുടിശ്ശിക

30 (362) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എന്നുമുതലുള്ള ഡി.എ. കുടിശ്ശിക യുണ്ട്;

(ബി) ഇത് നൽകുന്നതിന് എന്ത് തുക വേണ്ടിവരും;

(സി) ഇത് എന്നുമുതൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാർക്ക് 1.7.99 മുതലുള്ള ഡി.എ. കുടിശ്ശിക യുണ്ട്.

(ബി) ഇത് നൽകുന്നതിന് പ്രതിമാസം 24.3 കോടി രൂപ ചെലവുണ്ടാകും.

(സി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഡി. എ. അനുവദിക്കുന്നതാണ്.

ക്ഷാമബത്ത കുടിശ്ശിക

31 (363) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും എത്ര ഗഡു ക്ഷാമബത്ത നൽകാനുണ്ട്;

(ബി) എത്രശതമാനമാണ് നൽകാനുള്ളത്;

(സി) ഇതിനായി പ്രതിമാസം എന്തു തുക ചെലവുവരും;

(ഡി) പ്രസ്തുത ക്ഷാമബത്ത എന്നത്തേയ്ക്ക് നൽകാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, 1.7.99 മുതലുള്ള 5%, 1.1.2000 മുതലുള്ള 1%, 1.7.2000 മുതലുള്ള 3% എന്നിങ്ങനെ മൂന്നു ഗഡു ക്ഷാമബത്തകൂടി നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly